# പ്രസ്താവന പുക

**കേരള** ഹൈക്കോടതി പുകവലിക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള വിധി വന്നത് ഒരു പ്രത്യേക സാഹചര്യത്തിലായിരുന്നു. ഒരു സ്വകാര്യ അന്യായത്തിൻമേലുള്ള തീർപ്പായിരുന്നു അത്. അതു വിസ്മരിച്ചുകൊണ്ടുള്ള പ്രതികരണങ്ങളായിരുന്നു നമ്മുടെ സമൂഹത്തിൽ പൊതുവെ ഉണ്ടായത്.

മനുഷ്യവകാശ ഏകോപനസമിതി എന്നൊരു സംഘടന പുകവലി നിരോധനമല്ല, ബോധവൽക്കരണമാണ് ആവശ്യം എന്ന് പത്ര പ്രസ്താവനയിറക്കി. മുമ്പും ശ്രദ്ധിച്ചിട്ടുണ്ട്, ചില പ്രത്യേകതരം മനുഷ്യരുടെ, പ്രത്യേകതരം അവകാശങ്ങളിലാണ് ഈ സംഘടനക്ക് താല്പര്യമെന്ന്. മാത്രമല്ല ചില പ്രത്യേക തരം പ്രസിദ്ധീകരണങ്ങളിലാണ് പ്രസ്താവനകൾ പ്രത്യക്ഷപ്പെടുന്നതും. അതെന്തായാലും നമ്മൾ വായനക്കാർ വീണ്ടും പ്രതീക്ഷയോടെ കാത്തിരിക്കും, ബോധവൽക്കരണത്തിനായി ഏതു തരം നിർദ്ദേശങ്ങളാണ് ഇവർ മുന്നോട്ട് വെക്കുക? വല്ലാത്ത നിരാശ തോന്നി. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് മേൽപ്പടി സംഘടനയുടെ ഒരു വിധത്തിലുള്ള കമന്റും പിന്നീടുണ്ടായില്ല. ഭാരിച്ച ഓവർക്കോട്ടുപോലെ നിരുത്തരവാദപരമായ പ്രസ്താവനകളിറക്കി കൗതുകം ജനിപ്പിക്കുന്നത് നമ്മുടെ കാലത്തിന്റെ സവിശേഷതയെന്നു സമാധാനിക്കാം.

ബോധവൽക്കരണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, ഒറ്റയൊറ്റ വലിയൻമാരെ ബോധവൽക്കരിക്കുന്നതിനുള്ള സ്കോപ്പ് കുറവാണ്. എന്നാൽ ചങ്ങലവലിയൻമാരെ ബോധവൽക്കരിക്കുന്നതിനുള്ള സ്കോപ്പ്, ബോധവൽക്കരണത്തിനുള്ള നിർദ്ദേശം സിഗരറ്റു പാക്കറ്റിൽ നിന്നു ലഭിക്കും. പ്രസ്താവനയിറക്കിയവർ ചങ്ങലവലിയൻമാരാണോ ഒറ്റയൊറ്റവലിയൻമാരാണോ എന്നറിയായ്കയാൽ ബോധോദയം ലഭിച്ചോ എന്നറിയുവാനും നിവൃത്തിയില്ല.

നമ്മുടെ പാഠപുസ്തകങ്ങളിലൊന്നും പുകവലി വിപത്തിനെ കുറിച്ച് കാര്യമായി വിശദീകരിക്കപ്പെടുന്നില്ല. അപ്പോൾ നമ്മുടെ സിലബസ് പരിഷ്ക്കാരണ കമ്മിറ്റികളെ ആണ് ആദ്യം ബോധവൽക്കരിക്കേണ്ടതെന്നു തോന്നുന്നു. ലക്ഷക്കണക്കിനു മനുഷ്യകുഞ്ഞുങ്ങൾ പഠിച്ചിറങ്ങുന്നത് തങ്ങളുടെ അവകാശങ്ങളെ കുറിച്ച് തീരെ ബോധമില്ലാതെയാണ് എന്നാണ് ഇതിനർത്ഥം. എല്ലാമെല്ലാം വിഭജിക്കപ്പെട്ടിരിക്കുന്ന ഈ ഭൂമിയിൽ തുല്യാവകാശത്തോടെ പങ്കിടപ്പെടുന്നത് ജീവവായു മാത്രമാണ് . അതിനാൽ പുകവലി നിയന്ത്രണം എർപ്പെടുത്തുന്നത് മനുഷ്യവകാശ ലംഘനമാണെന്നു തോന്നിപ്പിക്കുന്ന വിധത്തിലുള്ള പ്രസ്താവന ഗുണ്ടുകൾ പൊട്ടിക്കുന്നതെന്തിനെന്ന് തീരെ മനസ്സിലാകുന്നില്ല. മനുഷ്യാവകാശ എകോപന സമിതിയുടെ നെഞ്ചിലിരിപ്പ് അഥവാ ചുണ്ടിലിരുപ്പ് എന്താവാം?

മറ്റൊരു കൂട്ടർ കണ്ണൂരിലെ ബീഡി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപെടുന്നതിൽ വല്ലാതെ ഉൽക്കണ്ഠപ്പെട്ടു കണ്ടു. എന്നാൽ ഇതുവരെ സ്വന്തം ചുണ്ടിലെ ഫിൽറ്റർ ഉപേക്ഷിച്ച് ബീഡി ഫിറ്റു ചെയ്തിട്ടില്ല എന്നുള്ളതും താല്പര്യക്കാരുടെ ഉള്ളിലെ കാപട്യം വെളിവാക്കുന്നുണ്ട്.

കോടതി വിധി വന്നപ്പോൾ തന്നെ, ഇത് ഫല പ്രദമായി നടപ്പിലാവുമോ എന്ന് സന്ദേഹിച്ചവരുണ്ട്. കേരളീയന്റെ പ്രബുദ്ധത ഭയങ്കരമാണെന്നാണല്ലോ വയ്പ്പ്. മുട്ടിന് മുട്ടിന് സാമ്രാജ്യത്വ വിരുദ്ധ വായ്ത്താരി മുഴക്കുന്നവരാണു നാം. ഹിന്ദുസ്ഥാൻ ലിവർ എന്ന മൾട്ടി നാഷണൽ കമ്പനിക്കെതിരെ വ്യാപാരികൾ ഉപരോധം പ്രഖ്യാപിച്ചപ്പോൾ അതിനെ സാമ്രാജത്വ വിരുദ്ധ സമരത്തിന്റെ ഭാഗമായി വളർത്താൻ ആരും ശ്രമിച്ചില്ലെന്ന് മാത്രമല്ല പാരപണിയുകയും ഒറ്റുകൊടുക്കുകയും ചെയ്തു.

പുകവലി നിയന്ത്രണമേർപ്പെടുത്തിയിരിക്കുന്നുവെന്ന നഗരസഭയുടെ അറിയിപ്പുപലകക്കുമുന്നിൽ നിന്ന് ജനക്കൂട്ടത്തിന്റെ മുഖത്തേക്ക് പുകയൂതിവിടുന്നവർ ഒരു സാധാരണ കാഴ്ച മാത്രമാണിപ്പോൾ. ജനക്കൂട്ടത്തിനു പ്രസ്താവനയിറക്കാനാവില്ലല്ലോ.

**ഉദയൻ, നെടുമങ്ങാട്**

